# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *72**

**30.10.2019-ൽ മറുപടിയ്ക്ക്.**

## ക്ഷീര മേഖലയിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.ഡി.കെ. മുരളി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദനം വാണിജ്യാടിസ്ഥാനത്തിലും ആദായകരമായ കൃഷി എന്ന നിലയിലും വളർത്തിയെടുത്ത് ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടത്തുന്ന പ്രവർത്തനം വിജയകരമായിട്ടുണ്ടോ; | (എ) വിജയകരമായിട്ടുണ്ട്.<br>ക്ഷീരോല്പാദനം ആദായകരമാക്കുന്നതിനും കൃഷി എന്ന നിലയിൽ വളർത്തിയെടുത്ത് ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 2018-19 വർഷത്തിൽ 1165.28 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുകയും ഇതിന്റെ ഫലമായി പാലുല്പാദനത്തിൽ ആവശ്യകതയുടെ 75-80% വരെ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>കഴിഞ്ഞ വർഷങ്ങളിൽ മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും സംഭരിച്ച പാലിന്റെ അളവിലുണ്ടായ വർദ്ധനവ് ക്ഷീരമേഖലയിലുണ്ടായ മുന്നേറ്റത്തിന്റെ സൂചനയാണ്. കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുമെന്നുള്ള ഉറപ്പും, എല്ലാ പത്ത് ദിവസം കൂടുമ്പോൾ സംഘങ്ങൾ വഴി വിപണന വിലയുടെ 83%വും പാൽ വിലയായി മുടങ്ങാതെ ലഭിക്കുന്നു എന്നതുമാണ് ക്ഷീരകർഷകർക്ക് ആത്മവിശ്വാസം പകരുന്നത്. |
| (ബി) സംസ്ഥാനത്തെ ക്ഷീര വിതരണരംഗം ആധുനീകരിച്ച് വിപുലീകരിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) ക്ഷീര വിതരണ രംഗം ആധുനീകരിച്ച് വിപുലീകരിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശാക്തീകരണത്തിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയൻ പാൽ വിതരണം ആധുനീകരിച്ച് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിതരണ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ഉപഭോക്താക്കൾക്ക് മൊബൈൽ ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ആയി പാൽ ഓർഡർ ചെയ്താൽ വീട്ടിൽ എത്തിക്കുന്ന സംവിധാനമാണ് ഇതിലൂടെ ഏർപ്പെടുത്തിയിട്ടുള്ളത്.<br>എറണാകുളം മേഖല യൂണിയൻ വിതരണ ശൃംഖല ശക്തിപ്പെടുത്തിയും കോൾഡ് ചെയിൻ വികസിപ്പിച്ചും ഉപഭോക്തൃ ബോധവൽക്കരണം നടത്തിയും പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കിയും വിതരണ ശൃംഖല വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.<br>മലബാർ മേഖല യൂണിയൻ പാൽ തൈര്, |

മറ്റുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് - മേഖലാ യൂണിയൻ ഫണ്ട് ഉപയോഗിച്ച് 64 പാർലറുകളും 18 മിനിഷോപ്പികളും ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 750 എണ്ണം റീടെയിൽ ഡീലർഷിപ്പുകളും അനുവദിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. UHT പാലിന്റെയും ഐസ്ക്രീം ഉൾപ്പെടെയുള്ള ഫ്രോസൺ ഉൽപ്പന്നങ്ങളും വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സൂപ്പർ സ്റ്റോക്കിസ്റ്റ് കം ഡിസ്ട്രിബ്യൂഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാൽ, ഐസ്ക്രീം എന്നിവയുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി ഇ&എ (കാരി & ഫോർവേർഡിംഗ്) ഡീലർമാരെ നിയമിച്ചിട്ടുണ്ട്. മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനും കൂടാതെ മിൽമ ഉൽപ്പന്നങ്ങൾ വീടുകളിൽ എത്തിച്ച് നൽകുന്നതിനായി ഓൺലൈൻ മാർക്കറ്റ് ശൃംഖല ആരംഭിച്ചിട്ടുണ്ട്. കൂടാതെ മേഖലാ യൂണിയന്റെ പാലിന്റെയും പാലുല്പന്നങ്ങളുടെയും വിതരണം വർദ്ധിപ്പിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളായ കർണ്ണാടക, മഹാരാഷ്ട്ര, ഡൽഹി, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും വിദേശ രാജ്യങ്ങളായ യു.എ.ഇ., യു.എസ്.എ., ഖത്തർ, ഒമാൻ, ബഹ്റിൻ, ദമാം, സൗദി അറേബ്യ എന്നിവിടങ്ങളിലും നെയ്യ്, പാലട മിക്സ്, സേമിയ മിക്സ്, പേഡ എന്നിവ കയറ്റുമതി ചെയ്യുന്നുണ്ട്.

(സി) ലോകത്തെ ക്ഷീര വിപണിയുടെ മൂന്നിലൊന്ന് നിയന്ത്രിക്കുന്ന പ്രമുഖ ക്ഷീരോല്പാദക രാജ്യങ്ങളായ ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങളുമായി കേന്ദ്രസർക്കാർ പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ (ആർ.സി.ഇ.പി.) ഏർപ്പെടാൻ നടത്തുന്ന നീക്കവും ചർച്ചയും ക്ഷീരകർഷകരെ കടുത്ത ആശങ്കയിലാഴ്ത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

RCEP കരാർ നടപ്പിലാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ 2019 ഫെബ്രുവരിയിൽ തന്നെ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ക്ഷീരകർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ഓപ്പൺ ഫോറം ശില്പശാല നടത്തുകയും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ക്ഷീരസംഘങ്ങളിലും RCEP കരാർ നടപ്പിലാക്കുന്നതിലൂടെ സംഭവിക്കാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ക്ഷീരകർഷകർക്ക് ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

RCEP കരാർ ക്ഷീരമേഖലയിലുണ്ടാക്കിയേക്കാവുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് ബഹു.പ്രധാനമന്ത്രി, ബഹു.കേന്ദ്രവാണിജ്യമന്ത്രി, ബഹു.കേന്ദ്ര മൃഗസംരക്ഷണ വകുപ്പുമന്ത്രി എന്നിവർക്ക് വിശദമായ കത്ത് അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉൽകണ്ഠ ഇതിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**